LIBRARY ARCHIVES Kerala Legislative Assembly

കർഷകർക്ക് നഷ്ടപരിഹാര തുക വർദ്ധിപ്പിക്കാൻ നടപടി

72 [1204] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകാനുള്ള നഷ്ടപരിഹാരത്തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര രൂപയാണെന്നും വർദ്ധനവ് എന്നു മുതൽ പ്രാബല്യത്തിൽ വരുത്തുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകിവന്നിരുന്ന ധനസഹായം 100 ശതമാനം കണ്ട് വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് 2003 റാബി സീസൺ മുതലുള്ള വിളകൾക്ക് ബാധകമാക്കിയിട്ടുണ്ട്. ഓരോ വിളകൾക്കും നൽകിവന്നിരുന്ന നിരക്കും പുതുക്കിയ നിരക്കും അനുബന്ധമായി ചേർത്തിരിക്കുന്നു.†

വയനാട്, ഇടുക്കി ജില്ലകളിലെ വാണിജ്യ വിളകൾക്കുണ്ടായ നഷ്ടം

73 [1205] ശ്രീ. എം. മുരളി:
" വർക്കല കഹാർ:
" ലൂഡി ലൂയീസ്:
" എം. പി. ഗംഗാധരൻ:
" ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്, ഇടുക്കി ജില്ലകളിൽ ഇക്കഴിഞ്ഞ വരൾച്ചയുടെ ഫലമായി ഏതെല്ലാം വാണിജ്യവിളകൾക്ക് നാശനഷ്ടമുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) വാണിജ്യവിളകൾ നഷ്ടപ്പെട്ടവർക്കും നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം വിശദീകരിക്കുമോ;

(സി) ഈ വിളകൾ വീണ്ടും വച്ചുപിടിപ്പിച്ച് കായ്ഫലം കിട്ടുന്നതുവരെ കർഷകരെ എപ്രകാരം സഹായിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കമുക്, കാപ്പി, കുരുമുളക്, ഏലം തുടങ്ങിയ വിളകൾക്ക് കൃഷി നാശവും ഉൽപ്പാദന തകർച്ചയും ഉണ്ടായിട്ടുണ്ട്.

---

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വാണിജ്യവിളകൾക്കും മറ്റു വിളകൾക്കും നൽകുന്ന നഷ്ടപരിഹാരത്തിന്റെ നിരക്ക് നിശ്ചയിച്ചു നൽകിയിട്ടുണ്ട്. മുമ്പ് നൽകിവന്നിരുന്ന നിരക്കുകൾ 2003 റാബി സീസൺ മുതൽ പ്രാബല്യത്തിൽ വരത്തക്ക രീതിയിൽ ഇരട്ടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പുതുക്കിയ നിരക്ക് താഴെക്കുറിക്കുന്നു:

കാപ്പി (ചെടിയൊന്നിന്)	..	60 രൂപ
കുരുമുളക് (ചെടിയൊന്നിന്)	..	40 രൂപ
ഏലം (ഹെ.)	..	3,000 രൂപ

(സി) നെല്ല്, തെങ്ങ്, വാഴ, പച്ചക്കറികൾ, കുരുമുളക്, കാപ്പി തുടങ്ങിയ വിളകൾക്ക് പൂർണ്ണമായും വിളനാശം സംഭവിച്ച കർഷകർക്ക് സൗജന്യമായി വിതരണം നടത്തുന്നതിലേയ്ക്കായി വിത്ത്, തൈ, വളം എന്നിവ ഉൾപ്പെടുത്തി ഒരു സമഗ്രവികസന പദ്ധതി നടപ്പാക്കാൻ സർക്കാർ ആലോചിച്ചുവരുന്നു.

വരൾച്ച മൂലം വയനാട് ജില്ലയിൽ കാർഷിക വിളകൾക്കുണ്ടായ നാശനഷ്ടം

74 [1206] ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എൻ. ഡി. അപ്പച്ചൻ:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. എ. പി. അനിൽകുമാർ:
,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച മൂലം വയനാട് ജില്ലയിൽ ഉണ്ടായ കാർഷിക വിളകളുടെ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) കാർഷിക വിളകളുടെ നഷ്ടം കണക്കാക്കിയത് ചെടികളുടെ എണ്ണം കണക്കിലെടുത്തായിരുന്നുവോ;

(സി) അത് കൃഷിക്കാരെ ദോഷകരമായി ബാധിച്ചു എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കർഷകർക്കുണ്ടായ വിളനഷ്ടം കണക്കിലെടുത്ത് നഷ്ടപരിഹാരം നൽകുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തെങ്ങ്, കമുക്, റബർ, കശുമാവ് തുടങ്ങിയ തോട്ടവിളകളുടേയും കാപ്പി, കുരുമുളക് തുടങ്ങിയ വാണിജ്യ വിളകളുടേയും മറ്റ് വിളകളായ വാഴ മുതലായവയുടേയും നാശനഷ്ടം കണക്കാക്കിയത് ചെടികളുടെ എണ്ണം കണക്കാക്കിയാണ്. എന്നാൽ നെല്ല്, പച്ചക്കറികൾ, ഏലം, മരച്ചീനി തുടങ്ങിയ വിളകളുടെ നാശനഷ്ടം കണക്കാക്കുന്നത് പ്രകൃതിക്ഷോഭം മൂലം വിളനാശം ഉണ്ടായ കൃഷി ഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly